## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത | 02..03..2017 -ൽ
ചോദ്യം നം: 1309 | മറുപടിയ്ക്ക്

### സ്വാശ്രയ കോളേജുകൾക്ക് നിയമ വ്യവസ്ഥ

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. യു. ആർ. പ്രദീപ് | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വിവിധ സ്വാശ്രയ എഞ്ചിനീയറിങ്ങ് കോളേജുകളിൽ മാനേജ്മെന്റിന്റെ ഭാഗത്തു നിന്നും വിദ്യാർത്ഥി പീഡനങ്ങളും അന്യായമായ ഫൈൻ ഈടാക്കലും മറ്റും നടക്കുന്നതായിട്ടുള്ള ആക്ഷേപങ്ങൾ കണക്കിലെടുത്ത് ഓരോ സ്വാശ്രയകോളേജുകളിലും പി.ടി.എ. കമ്മിറ്റിയും സ്റ്റുഡൻസ് വെൽഫയർ കമ്മറ്റിയും രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) സ്വാശ്രയ കോളേജുകളെ സംബന്ധിച്ച വ്യാപകമായ പരാതികൾ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ സ്വാശ്രയ കോളേജുകളുടെ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ച് പഠിക്കുവാൻ സർക്കാർ ഒരു മൂന്നംഗ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. കൂടാതെ ഇന്റേണൽ അസസ്മെന്റ് സംബന്ധിച്ചുള്ള നടപടികൾക്കും പരിഷ്ക്കാരങ്ങൾക്കുമായി നാല് സർവ്വകലാശാലാ വി.സി.മാർ അടങ്ങിയ ഒരു സമിതിയേയും നിയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സ്വാശ്രയ കോളേജുകളെ സംബന്ധിച്ച് ആക്ഷേപങ്ങൾ കണക്കിലെടുത്ത് എല്ലാ കോളേജുകളിലും പി.ടി.എ. സംവിധാനം ഫലപ്രദമായി നടപ്പിലാക്കണമെന്ന് സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | |
|---|---|
| (ബി) സ്വാശ്രയ വിദ്യാഭ്യാസ രംഗത്ത് സർക്കാരിന് ശക്തമായി ഇടപെടാൻ കഴിയുന്ന തരത്തിൽ നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) സ്വാശ്രയ രംഗത്ത് ശക്തമായി ഇടപെടാൻ സാധിക്കുന്ന വിധത്തിൽ സർക്കാർ കാലാകാലങ്ങളിൽ ഉത്തരവുകൾ ഇറക്കുകയും ആവശ്യമായ മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നുണ്ട്.. സർക്കാരിൽ നിന്നും, എ.ഐ.സി.റ്റി.ഇ., സർവ്വകലാശാലകൾ എന്നിവയിൽ നിന്നും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഇത്തരം മാർഗ്ഗ നിർദ്ദേശങ്ങൾക്കും, നിബന്ധനകൾക്കും വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ അഫിലിയേഷൻ റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുമുണ്ട്. |

Reedy

സെക്ഷൻ ഓഫീസർ